(ബി) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20-9-2001 വരെ ഉണ്ടായ ഒഴിവുകളിൽ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായ ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകരുടെ കാറ്റഗറിയിൽ 172 തസ്തികകളും പി. എസ്. സി. വഴി നേരിട്ടുള്ള നിയമനത്തിന് 419 ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകളും 75 ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകളും ഉണ്ട്. ഇതിൽ പി. എസ്. സി. വഴിയുള്ള ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയുടെ അഡ്വൈസ് ലഭിച്ചിട്ടില്ല. മറ്റു ഒഴിവുകളെല്ലാം നികത്തിക്കഴിഞ്ഞു. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം സംസ്ഥാനതലത്തിൽ ആകയാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ നിയമനം

84 [3610] *ശ്രീ. ജോണി നെല്ലൂർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ പോസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ലൈബ്രേറിയൻമാരുടെ പോസ്റ്റ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പോസ്റ്റിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പോസ്റ്റിൽ ഉടൻ നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി)—(ഡി) ലൈബ്രേറിയൻ തസ്തിക സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിക്കാത്ത സാഹചര്യത്തിൽ നിയമനം നടത്താൻ സാധിക്കുകയില്ല. ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

എസ്. സി. ഇ. ആർ. ടി. യുടെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

85 [3611] *ശ്രീ. വി. കെ. ചന്ദ്രൻ* :

,, *വി. ചെന്താമരാക്ഷൻ* :

,, *കെ. വി. കുഞ്ഞിരാമൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly